Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

നം. സി.ജി(1)27372/2012

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി:10.12.2012

# സർക്കുലർ നമ്പർ: 48/2012

വിഷയം:- പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/ലീഡ് ബാങ്കുകൾ വിളിച്ചുചേർക്കുന്ന ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുക്കുന്നതും റിട്ടേണുകൾ നൽകുന്നതും – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സഹകരണ സംഘം രജിസ്ട്രാറുടെ 16.09.1996 ലെ 21/1996 നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 3/2005 നമ്പർ സർക്കുലർ.

ബാങ്കിംഗ് മേഖലയിലെ ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുമായി ലീഡ് ബാങ്കുകൾ ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗങ്ങൾ വിളിച്ചുചേർക്കാറുണ്ട്. പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിൽ കൃത്യമായി പങ്കെടുക്കണമെന്നും എൽ.ബി.ആർ. ഫോറങ്ങൾ കൃത്യമായും നൽകണമെന്നും സൂചന സർക്കുലറുകളിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ തൃശൂർ ജില്ലയിലെ ചില സർവ്വീസ് സഹകരണ ബാങ്കുകൾ ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിൽ കൃത്യമായി പങ്കെടുക്കുന്നില്ലെന്നും എൽ.ബി.ആർ. ഫോറങ്ങൾ നൽകുന്നില്ലെന്നും തൃശൂർ ലീഡ് ബാങ്ക് മാനേജർ ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1) സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളും ലീഡ് ബാങ്ക് മാനേജർന്മർ വിളിച്ചുചേർക്കുന്ന ബി.എൽ.ബി.സി. മീറ്റിംഗിൽ കൃത്യമായും പ്രതിനിധികളെ അയയ്ക്കേണ്ടതാണ്. ഇക്കാര്യം പാലിക്കുന്നുണ്ടെന്ന് പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ/സർവ്വീസ് സഹകരണ ബാങ്കുകളുടെ ഭരണസമിതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2) ലീഡ് ബാങ്കുകൾ നിർദ്ദേശിക്കുന്ന എൽ.ബി.ആർ. റിട്ടേണുകൾ യഥാസമയം ലീഡ് ബാങ്കുകൾക്ക് നൽകേണ്ടതും ആയതിന്റെ പകർപ്പ് ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്ക് നൽകേണ്ടതുമാണ്.

3) ജില്ലയിലെ ഏതെങ്കിലും പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുക്കുന്നില്ലെന്നും എൽ.ബി.ആർ. ഫോറങ്ങൾ നൽകുന്നില്ലെന്നുമുള്ള വിവരം ലീഡ് ബാങ്ക് മാനേജർമ്മാർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ, ജില്ലാ ജോയിന്റ് രജിസ്ട്രാർമ്മാർ ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബാങ്കുകൾക്ക് നൽകേണ്ടതുമാണ്.

4) അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസുകളിൽ നടക്കുന്ന പ്രതിമാസ അവലോകന യോഗത്തിൽ ബി.എൽ.ബി.സി. യോഗത്തിൽ പങ്കെടുക്കുന്ന വിഷയം പ്രത്യേകം അവലോകനം ചെയ്യേണ്ടതാണ്.

**ഒപ്പ്,**
**വി. സനൽ കുമാർ ഐ.എ.എസ്**
**സഹകരണസംഘം രജിസ്ട്രാർ**

1. ജനറൽ മാനേജർ,
   കാനറാബാങ്ക്, എസ്.എൽ.ബി.സി. സെൽ,
   കാനറാബാങ്ക് ബിൽഡിങ്ങ്,
   പി.ബി. നമ്പർ – 5604, എം.ജി. റോഡ്,
   തിരുവനന്തപുരം – 695 039.
2. ലീഡ് ഡിസ്ട്രിക്ട് മാനേജർ,
   കാനറാബാങ്ക്, ലീഡ് ബാങ്ക് ആഫീസ്,
   ശ്രീകൃഷ്ണ ബിൽഡിങ്ങ്,
   വെസ്റ്റ് പാലസ് റോഡ്, തൃശൂർ – 22.
3. ഡയറക്ടർ ഓഫ് കോ–ഓപ്പറേറ്റീവ് ആഡിറ്റ്,
   വികാസ് ഭവൻ, വികാസ് ഭവൻ. പി.ഒ.,
   തിരുവനന്തപുരം.
4. എല്ലാ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക്
   (ജോയിന്റ് രജിസ്ട്രാർ (ജനൽ) മുഖേന)
5. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനൽ)മ്മാർക്കും.
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മ്മാർക്കും
   (ജോയിന്റ് രജിസ്ട്രാർ (ജനൽ) മുഖേന)
7. ജനറൽ മാനേജർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
8. എഡിറ്റർ, സഹകരണ വീഥി.
9. എഡിറ്റർ, സഹകരണ ജേർണൽ.
10. വെബ്സൈറ്റ്.
11. ഈ ആഫീസിലെ എല്ലാ ആഫീസർമ്മാർക്കും.
12. സ്റ്റോക്ക് ഫയൽ.
13. സ്പെയർ.

ആജ്ഞാനുസരണം

**ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)**